നിർമല കോളേജ് മൂവാറ്റുപുഴ

Re-Accredited by NAAC with A++ grade (CGPA 3.73)

## നിർമല കോളേജും
## മൂവാറ്റുപുഴ ഫിലിം സൊസൈറ്റിയും

സംയുക്തമായി സംഘടിപ്പിക്കുന്ന




# അടൂർ ഫിലിം ഫെസ്റ്റിവൽ

**23 & 24**
**ജൂൺ**
**2022**

### ഉദ്ഘാടനം
### പത്മവിഭൂഷൺ അടൂർ ഗോപാലകൃഷ്ണൻ

സ്ഥലം: ഓഡിറ്റോറിയം

സമയം: 2.30 PM

മലയാള സിനിമയ്ക്ക് അന്താരാഷ്ട്ര വേദിയിൽ ഇടം നേടിക്കൊടുത്ത അതുല്യ പ്രതിഭയാണ് പത്മവിഭൂഷൺ അടൂർ ഗോപാലകൃഷ്ണൻ. അദ്ദേഹത്തിന്റെ സിനിമജീവിതം അൻപതുവർഷം പിന്നിടുന്നു. മലയാളത്തിന്റെ പ്രഗത്ഭനായ ചലച്ചിത്രകാരനോടുള്ള ആദരവിന്റെ ഭാഗമായി നിർമല കോളേജും മൂവാറ്റുപുഴ ഫിലിം സൊസൈറ്റിയും സംയുക്തമായി അടൂർ ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നു. പത്മവിഭൂഷൺ ശ്രീ. അടൂർ ഗോപാലകൃഷ്ണൻ ഫിലിം ഫെസ്റ്റിവലിന്റെ ഉദ്ഘാടനം നിർവഹിക്കും. ചലച്ചിത്രോത്സവത്തിന്റെ സമാപന സമ്മേളനത്തിൽ ശ്രീ. അടൂർ ഗോപാലകൃഷ്ണനുമായി സംവാദവും ഉണ്ടായിരിക്കും. ഉദ്ഘാടന സമ്മേളനത്തിലേക്കും ഫിലിം ഫെസ്റ്റിവലിലേക്കും ഏവർക്കും ഹൃദ്യമായ സ്വാഗതം.

| ഡോ. കെ. വി. തോമസ് | ഫാദർ. ജസ്റ്റിൻ കണ്ണാടൻ | യു.ആർ. ബാബു & പ്രകാശ് ശ്രീധർ | ഫാദർ. ഫ്രാൻസിസ് മൈക്കിൾ |
|---|---|---|---|
| പ്രിൻസിപ്പൽ | ബർസാർ | മൂവാറ്റുപുഴ, ഫിലിം സൊസൈറ്റി കൺവീനേഴ്സ് | കോഓർഡിനേറ്റർ |

## ഉദ്ഘാടന സമ്മേളനം 23.06.2022
## സമയം: 02.30 pm
## സ്ഥലം: ഓഡിറ്റേറിയം

### പ്രോഗ്രാം

| | | |
|---|---|---|
| പ്രാർത്ഥന | | |
| സ്വാഗതം | : | ശ്രീ. പ്രകാശ് ശ്രീധർ (സെക്രട്ടറി, മൂവാറ്റുപുഴ ഫിലിം സൊസൈറ്റി) |
| ആമുഖപ്രഭാഷണം | : | ശ്രീ. എ മീരാസാഹിബ് |
| അധ്യക്ഷപ്രസംഗം | : | ഡോ. കെ. വി. തോമസ്, പ്രിൻസിപ്പൽ |
| ഉദ്ഘാടനം | : | പത്മവിഭൂഷൺ ശ്രീ. അടൂർ ഗോപാലകൃഷ്ണൻ |
| ഗാനം | : | പാർവതി സജീവ് |
| ആശംസ | : | ഫാദർ. ഫ്രാൻസിസ് മൈക്കിൾ |
| | : | ശ്രീ. യു.ആർ. ബാബു (പ്രസിഡന്റ്, മൂവാറ്റുപുഴ ഫിലിം സൊസൈറ്റി) |
| കൃതജ്ഞത | : | ഫാദർ. ജസ്റ്റിൻ കണ്ണാടൻ |
| ദേശീയഗാനം | | |

## സമാപന സമ്മേളനം
## 24.06.2022
## സമയം: 01.30 pm സ്ഥലം: ഓഡിറ്റോറിയം

### പ്രോഗ്രാം

| | | |
|---|---|---|
| പ്രാർത്ഥന | | |
| സ്വാഗതം | : | ഡോ. സനിഷ് പി. ബി. |
| അധ്യക്ഷപ്രസംഗം | : | Msgr. Dr. പയസ് മലേക്കണ്ടത്തിൽ |
| ആശംസ | : | ഡോ. കെ. വി. തോമസ് പ്രിൻസിപ്പൽ |
| | : | പ്രകാശ് ശ്രീധർ, സെക്രട്ടറി, ഫിലിം സൊസൈറ്റി, മൂവാറ്റുപുഴ |
| ഗാനം | : | ഗോപിക P F |
| പ്രഭാഷണം | : | പത്മവിഭൂഷൺ ശ്രീ. അടൂർ ഗോപാലകൃഷ്ണൻ |
| സംവാദം | | |
| കൃതജ്ഞത | : | Sr ലൗലി എബ്രാഹം |
| ദേശീയഗാനം | : | |

**സിനിമ പ്രദർശനം**
**23/06/2022**
**സ്ക്രീൻ 1 : തിയറ്റർ**
## 09.30am നാല് പെണ്ണുങ്ങൾ
**മലയാളം/ കളർ/2007/105 Mts**





| | | |
|---|---|---|
| തിരക്കഥ, സംവിധാനം | : | അടൂർ ഗോപാലകൃഷ്ണൻ |
| നിർമ്മാണം | : | അടൂർ, ബെൻസി മാർട്ടിൻ |
| കഥ | : | തകഴി ശിവശങ്കരപ്പിള്ള |
| ഫോട്ടോഗ്രഫി | : | എം ജെ രാധാകൃഷ്ണൻ. |
| എഡിറ്റിംഗ് | : | ബി.അജിത് കുമാർ |
| സംഗീതം | : | ഐസക് തോമസ് കൊട്ടുകാപ്പള്ളി |
| അഭിനേതാക്കൾ | : | പത്മപ്രിയ, നന്ദിതാ ദാസ്, കാവ്യ മാധവൻ ഗീതു മോഹൻദാസ്, മഞ്ജു പിള്ള, രമ്യാ നമ്പീശൻ കെ.പി.എ.സി ലളിത, സോന നായർ, മുകേഷ്, നന്ദുലാൽ, മനോജ് കെ ജയൻ, രവി വള്ളത്തോൾ, പി.ശ്രീകുമാർ, എം ആർ ഗോപകുമാർ |

തകഴിയുടെ ചെറുകഥകളിൽനിന്ന് ഉരുത്തിരുഞ്ഞു വന്ന നാല് കഥകളുടെ സമാഹാരമാണ് നാല് പെണ്ണുങ്ങൾ . നാല്പതുകളാണ് കഥാകാലം. തിരുവിതാംകൂറിന്റെ നെല്ലറ എന്നു വിശേഷിപ്പിക്കപ്പെട്ടിരുന്ന കുട്ടനാട്ടിൽ പടർന്ന ക്ഷാമവും ദാരിദ്ര്യവും സാധാരണക്കാരന്റെ ജീവിതത്തെ ദുരിതപൂർണ്ണമാക്കി. നമ്മെ ഭരിച്ചിരുന്ന ബ്രിട്ടീഷുകാർ പോരാടിയ യുദ്ധത്തിന്റെ കെടുതികൾ ഈ കുഗ്രാമത്തിലും അലയടിച്ചെത്തുകയായിരുന്നു. അരിക്കും തുണിക്കും പഞ്ചസാരയ്ക്കും മണ്ണെണ്ണയ്ക്കും തീവില. തുടർന്ന് പൂഴ്ത്തി വെപ്പും കരിഞ്ചന്തയും അനുബന്ധമായ അലോസരങ്ങളും നാട്ടിൽ സാധാരണമായി.

കൂട്ടുകുടുംബങ്ങളുടെ തകർച്ചയോടെ സമൂഹത്തിന്റെ ഇടത്തട്ട് ഇളകിയാടിയ കാലഘട്ടം. ദരിദ്രനായ കള്ളന്റെയും കളങ്കിതരായ പോലീസുകാരുടെയും അന്യരെ ആശ്രയിക്കേണ്ടി വന്ന ബി.എ വിദ്യാർത്ഥിയുടെയും സുന്ദരിയായ വീട്ടമ്മയുടെയും തെറ്റുകുറ്റങ്ങളുടെ കഥകൾ ഒത്തുചേർന്നതാണ് നാലു പെണ്ണുങ്ങൾ.

**സിനിമ പ്രദർശനം**
**23/06/2022**
**സ്ക്രീൻ 1 : തിയറ്റർ**
## 11.30am എലിപ്പത്തായം
**മലയാളം/1981/121 Mts**




| | | |
|---|---|---|
| കഥ, തിരക്കഥ, സംവിധാനം | : | അടൂർ ഗോപാലകൃഷ്ണൻ |
| നിർമാണം | : | രവി |
| സഹസംവിധാനം | : | A മീരാസാഹിബ് |
| എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ | : | ടി.സി.ശങ്കർ |
| ക്യാമറ | : | രവി വർമ |
| സൗണ്ട് | : | ദേവദാസ് |
| സംഗീതം | : | എം ബി ശ്രീനിവാസൻ. |
| എഡിറ്റിംഗ് | : | എം മണി |
| കല | : | ശിവൻ |

എലി കടിച്ചുവെന്ന് നിലവിളിച്ച് തട്ടിപ്പിടഞ്ഞെണീക്കുന്ന ഉണ്ണിയുടെ മനസ്സിലൂടെ ഈ കഥയുടെ ചുരുളഴിയുന്നു. കാരണവന്മാർക്ക് പാരമ്പര്യമായി ലഭിച്ച സ്വത്ത് മെയ്യനങ്ങാതെ അനുഭവിച്ചു സുഖിച്ചിരുന്ന ഒരു പഴയ തലമുറയുടെ പ്രേതം ഉണ്ണിയെയും വിടാതെ കൂടിയിരിക്കുന്നു. അയാളും പാരമ്പര്യമായി തനിക്ക് ലഭിച്ച സ്വത്ത് വിയർപ്പൊഴുക്കാതെ തിന്നു മുടിക്കുന്നു. അയാളോടൊപ്പം സഹോദരിമാരും എലിപ്പത്തായത്തിലാണ്.

ഇന്നത്തെ മനുഷ്യൻ സ്വയം അകപ്പെടുന്ന അവസ്ഥയെക്കുറിച്ചാണ് എലിപ്പത്തായം  പറയുന്നത്.  'എലിപ്പത്തായം' ഉണ്ണിയുടെ കഥ മാത്രമല്ല സാമൂഹ്യവ്യവസ്ഥിതിയുടെ കഥ കൂടിയാണ്.


## സിനിമ പ്രദർശനം

**23/06/2022**

**സ്ക്രീൻ 2: ഓഡിയോവിഷ്വൽ ഹാൾ**

### 09.30am കൊടിയേറ്റം

**മലയാളം/1977/128 Mts**




| | | |
|---|---|---|
| തിരക്കഥ, സംവിധാനം | : | അടൂർ ഗോപാലകൃഷ്ണൻ |
| സഹസംവിധാനം | : | A മീരാസാഹിബ് |
| ഫോട്ടോഗ്രഫി | : | മങ്കട രവിവർമ്മ |
| സൗണ്ട് | : | അടൂർ ഗോപാലകൃഷ്ണൻ, രാമചന്ദ്രൻ, എം മണി |
| കല | : | ശിവൻ |
| നിർമാണം | : | ചിത്രലേഖ ഫിലിം കോഓപ്പറേറ്റീവ് |
| അഭിനേതാക്കൾ | : | ഗോപി, ലളിത, കവിയൂർ പൊന്നമ്മ , തിക്കുറിശ്ശി |

സാമൂഹിക ജീവിതത്തെ സത്യസന്ധമായി പകർത്താൻ കഴിഞ്ഞ ചിത്രമാണ് അടൂരിന്റെ കൊടിയേറ്റം. ഗ്രാമത്തിന്റെ അവിഭാജ്യ ഘടകമായ ഒരു ശുദ്ധനാണ് ഇതിലെ മുഖ്യ കഥാപാത്രമായ ശങ്കരൻകുട്ടി. ഗ്രാമീണ ജീവിതത്തിന്റെ തുടിപ്പുകൾ കൊച്ചു കൊച്ചു കഥാസന്ദർഭങ്ങളിലൂടെ വികസിപ്പിച്ചെടുക്കുകയാണ് ഇവിടെ.

ലക്ഷ്യമില്ലാത്ത വേലകളും കുട്ടിക്കളികളുമായി ശങ്കരൻകുട്ടി നേരം പോക്കുന്നു. ചിത്രം തുടങ്ങുന്നത് അമ്പലത്തിലെ ഉത്സവത്തോടെയാണ്. ഒരു ത്സവത്തിൽ നിന്ന് മറ്റൊരുത്സവത്തിലേക്ക് പാറി നടക്കുന്നവനാണ് നായകനായ ശങ്കരൻകുട്ടി. വിവാഹ ശേഷം ഭാര്യയുമായി വിരുന്നു പോകുമ്പോൾ ശങ്കരൻ കുട്ടിയുടെ പുതുവസ്ത്രത്തിൽ വഴിയിലെ ചെളി തെറിപ്പിച്ചു കൊണ്ട് ഒരു വാഹനം കടന്നുപോകുന്നു. ഭാര്യ അരിശം കൊള്ളുമ്പോൾ ശങ്കരൻകുട്ടി പറയുന്നത് വണ്ടിയുടെ സ്പീഡ് ചെളി കഴുകിക്കളഞ്ഞാൽ പോകില്ല എന്നായിരുന്നു.

മറ്റുള്ളവർക്കു വേണ്ട– മാത്രം ജീവിക്കാൻ സമയം കണ്ടെത്തുന്നതിനിടയിൽ സ്വയം ജീവിക്കാൻ മറന്നുപോയെന്ന് മനസ്സിലാക്കിയപ്പോഴേക്കും അയാൾ ഒരു പാട് സഞ്ചരിച്ചു കഴിഞ്ഞിരുന്നു.

അനുഭവങ്ങളിലൂടെ പരുഷമായ ജീവിത യാഥാർത്ഥ്യങ്ങളിലൂടെ തന്നിലേക്കും തന്റെ കടമകളിലേക്കും തിരിച്ചു വരുന്നിടത്ത് കഥയവസാനിക്കുന്നു.


## സിനിമ പ്രദർശനം

**23/06/2022**

**സ്ക്രീൻ 2 : ഓഡിയോവിഷ്വൽ ഹാൾ**

### 11.30am മതിലുകൾ

**മലയാളം/ കളർ/1989/117 Mts**




| | | |
|---|---|---|
| തിരക്കഥ, സംവിധാനം, നിർമാണം | : | അടൂർ ഗോപാലകൃഷ്ണൻ. |
| സഹസംവിധാനം | : | A മീരാസാഹിബ് |
| കഥ | : | വൈക്കം മുഹമ്മദ് ബഷീർ |
| ഫോട്ടോഗ്രഫി | : | മങ്കട രവിവർമ |
| കല | : | ശിവൻ |
| സൗണ്ട് | : | ഹരികുമാർ |
| എഡിറ്റിംഗ് | : | എം. മണി |
| സംഗീതം | : | വിജയ ഭാസ്കർ |

കഥാകൃത്തായ വൈക്കം മുഹമ്മദ് ബഷീറിന്റെ ജീവിതത്തിന്റെ ഒരേടു കൂടിയാണ് മതിലുകൾ. ഒരെഴുത്തുകാരനെ കേന്ദ്ര കഥാപാത്രമാക്കി നിർമിക്കുന്ന ആദ്യത്തെ ചിത്രമെന്ന പദവി കൂടി മതിലുകൾക്കവകാശപ്പെടാം.

ബഷീറിന്റെ ലാളിത്യവും നർമബോധവും സർവോപരി മനുഷ്യ സ്നേഹവും അടൂരിന്റെ മതിലുകളിൽ വെളിവാക്കപ്പെടുന്നു. ഇനി ഇതുപോലെ എവിടെയെങ്കിലും വെച്ചുകാണാം സാറേ' എന്നു പറഞ്ഞു തൊരപ്പൻ പിരിഞ്ഞു പോകുമ്പോൾ നർമ ബോധമുള്ള ആർക്കും ചിരിക്കാതിരിക്കാൻ കഴിയില്ല.

മതിലുകളിൽ ഒരൊറ്റ സ്ത്രീ കഥാപാത്രം പോലും പ്രത്യക്ഷപ്പെടുന്നില്ലെങ്കിലും ജയിലിന്റെ മതിലിനപ്പുറത്തു നിന്നും വരുന്ന നാരായണിയുടെ മാദകമായ സ്ത്രീ ശബ്ദം ചിത്രത്തെ മഹത്തരമാക്കുന്നു.

## സിനിമ പ്രദർശനം

**24/06/2022**

**സ്ക്രീൻ 1 : തിയറ്റർ**

### 09.30am അനന്തരം

മലയാളം /1987/125 Mts




| | | |
|---|---|---|
| കഥ, തിരക്കഥ, സംവിധാനം | : | അടൂർ ഗോപാലകൃഷ്ണൻ |
| നിർമാണം | : | രവി |
| ഫോട്ടോഗ്രഫി | : | മങ്കട രവിവർമ്മ |
| എഡിറ്റിംഗ് | : | എം മണി |
| കലാസംവിധാനം | : | ശിവൻ |
| സൗണ്ട് | : | ദേവദാസ്, കൃഷ്ണനുണ്ണി |
| അസ്സോസിയേറ്റ് ഡയറക്ടർ | : | A മീരാസാഹിബ്, M P സുകുമാരൻനായർ |
| വിതരണം | : | ജനറൽ പിക്ചേഴ്സ് |
| അഭിനേതാക്കൾ | : | മമ്മൂട്ടി, അശോകൻ, ബഹദൂർ, ചന്ദ്രൻ നായർ. അടൂർ പങ്കജം. കവിയൂർ പൊന്നമ്മ. |

ജനനം കൊണ്ടു തന്നെ അജയൻ സങ്കീർണമായ ഒരു വ്യക്തിത്വത്തിനുടമയായിത്തീരുന്നു. ആശുപത്രിയിൽ ഉപേക്ഷിക്കപ്പെട്ടു പോയ അജയൻ അനാഥനാണെങ്കിലും അവിടുത്തെ ഡോക്ടറുടെ സ്നേഹം നിറഞ്ഞ ചുറ്റുപാടിൽ അയാളുടെ പുത്രനെപ്പോലെ അവൻ വളർന്നു. എന്നാലും അവൻ അനാഥനായിരുന്നു. അന്യതാബോധം അവനെ വേട്ടയാടുകയായിരുന്നു. അവന്റെ മനസ്സ് പിച്ചവെച്ചതും രൂപപ്പെട്ടതും അവിടെ വെച്ചാണ്.

അവനെ സ്നേഹപൂർവ്വം എടുത്തു വളർത്തുന്ന ഡോക്ടർ അച്ഛനല്ല അച്ഛനെപ്പോലെയാണ്. സന്ന്യാസിനി അവന്റെ അമ്മയല്ല. അവന് അവർ അമ്മയെപ്പോലെയാണ്. സ്നേഹനിധിയായ ഡോക്ടറുടെ മകൻ ബാലു ജ്യേഷ്ഠനല്ല, ജ്യേഷ്ഠനെപ്പോലെയാണ്. ജ്യേഷ്ഠന്റെ ഭാര്യയായ സുമയും തന്റെ കാമുകിയായ നളിനിയും ഒന്നാണെന്ന് അവന് തോന്നുന്നു. ഒരു തരത്തിൽ അനന്തരം പറയുന്നത് ഏകാന്തതയെപ്പറ്റിയാണ്. സമൂഹത്തിൽ ഒറ്റപ്പെട്ടു പോകുന്ന ആർദ്രമായ മനസ്സിന്റെ വിഭ്രാന്തമായ ആകുലതകളെപ്പറ്റിയാണ്.

## സിനിമ പ്രദർശനം

**24/06/2022**

**സ്ക്രീൻ 1 : തിയറ്റർ**

### 11.30am സ്വയംവരം

മലയാളം/1972/125 Mts




| | | |
|---|---|---|
| കഥ, തിരക്കഥ, .സംവിധാനം | : | അടൂർ ഗോപാലകൃഷ്ണൻ |
| നിർമാണം | : | ചിത്രലേഖ ഫിലിം കോഓപ്പറേറ്റീവ് |
| ഫോട്ടോഗ്രഫി | : | മങ്കട രവിവർമ |
| ശബ്ദം | : | ദേവദാസ് |
| സംഗീതം | : | എം ബി ശ്രീനിവാസൻ |
| അഭിനേതാക്കൾ | : | ശാരദ, മധു, ലളിത, തിക്കുറിശ്ശി,കരമന വേണുക്കുട്ടൻ നായർ, അടൂർ ഭവാനി |

ചിത്രലേഖ ഫിലിം സൊസൈറ്റി 1965 –ൽ നിർമിച്ച 'സ്വയംവരം' എന്ന ചിത്രം മലയാള സിനിമാ സങ്കല്പങ്ങളെയാകെയാണ് കടപുഴക്കിയെറിഞ്ഞത്. ദേശീയ തലത്തിൽ നിരവധി പുരസ്കാരങ്ങൾ നേടിയെടുത്ത 'സ്വയംവരം' നവസിനിമയുടെ ലോകത്തിലേക്കുള്ള മലയാളത്തിന്റെ ശ്രദ്ധേയമായ ചുവടുവെപ്പായിരുന്നു. ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും ഒരു ചലച്ചിത്രകാരന്റെ ഉദയം കൂടിയായിരുന്നു 'സ്വയംവരം'. വീട്ടിൽനിന്ന് ഒളിച്ചോടിപ്പോന്ന വിശ്വത്തിന്റെയും സീതയുടേയും ജീവിത കഥയാണ് ചിത്രത്തിന്റെ ഇതിവൃത്തം.

മിഥ്യാധാരണകളുടെയും ദിവാസ്വപ്നങ്ങളുടെയും ലോകത്തുനിന്ന് ജീവിതാനുഭവങ്ങൾ വിശ്വത്തെയും സീതയേയും ഭൂമിയിലേക്ക് ഇറക്കിക്കൊണ്ടുവരുന്നു. സ്വയംവരം, യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കാൻ കഥാപാത്രങ്ങളെ ആത്മബോധമുള്ളവരാക്കുകയാണ്.

പ്രലോഭനങ്ങളോടും പ്രതിബന്ധങ്ങളോടും മല്ലടിച്ചു കൊണ്ടുള്ള വിശ്വത്തിന്റെയും സീതയുടേയും പരസ്പര പ്രണയത്തിന്റെ അർത്ഥവും ആഴവും വർദ്ധിച്ചു വരുന്നതിലുപരി സ്ത്രീയുടെ നിശ്ചയദാർഢ്യത്തിന്റെ കഥ കൂടിയാണ് 'സ്വയംവരം'.

## സംഘാടക സമിതി

ഡോ. കെ. വി. തോമസ്, പ്രിൻസിപ്പൽ
പ്രൊഫ. ഇമ്മാനുവൽ A J, വൈസ് പ്രിൻസിപ്പൽ
ഫാദർ. ജസ്റ്റിൻ കണ്ണാടൻ, ബർസാർ
യു.ആർ. ബാബു പ്രസിഡന്റ്, ഫിലിം സൊസൈറ്റി, മൂവാറ്റുപുഴ
പ്രകാശ് ശ്രീധർ, സെക്രട്ടറി, ഫിലിം സൊസൈറ്റി, മൂവാറ്റുപുഴ
മധു നീലകണ്ഠൻ
ഫാദർ. ഫ്രാൻസിസ് മൈക്കിൾ, കോഓർഡിനേറ്റർ
പി.എ. സമീർ
അഡ്വ. ബി അനിൽ
എൻ. പി. പീറ്റർ
എം എസ് ബാലൻ
കെ.ആർ. സുകുമാരൻ
സണ്ണി വർഗീസ്
ജയകുമാർ ചെങ്ങമനാട്
ജീവൻ ജേക്കബ്
ഇ.ഐ. ജോർജ്
ഡോ. സനീഷ് പി. ബി.
സീമ ജോസഫ്
ഡോ. മനു സ്കറിയ
Sr. ലൗലി എബ്രഹാം
ഡോ. ജാസ്മിൻ മേരി പി. ജെ.
ഡോ. Sr. അർമില ആന്റണി
നീന തോമസ്
അഗസ്റ്റ്യൻ ബെന്നി
ഡോ. ശോഭിത ജോയി
അഞ്ജന ബിജു